**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ഗുരുവായൂർ നഗരസഭ - ടൗൺ പ്ലാനർ (വിജിലൻസ്) പരിശോധന - നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.രഘുരാമനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ. (സാധാ)നം.1722/2019/തസ്വഭവ. തിരുവനന്തപുരം, തീയതി: 08.08.2019

---

പരാമർശം :- 1. ടൗൺ പ്ലാനർ (വിജിലൻസ്)ന്റെ 27.01.2016 തീയതിയിലെ സി.ടി.പി (വിജ്)/33/16 നമ്പർ കത്ത്.

3. ഗുരുവായൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. രഘുരാമന് നൽകിയ 30.01.2017 തീയതിയിലെ തസ്വഭവ-ഇ.യു 1/226/2016-തസ്വഭവ നമ്പർ കുറ്റപത്രം.
4. കുറ്റപത്രത്തിന് ശ്രീ. രഘുരാമൻ സമർപ്പിച്ച 26.06.2017 തീയതിയിലെ പ്രതിവാദ പത്രിക.
5. നഗരകാര്യ ഡയറക്ടറുടെ 26.09.2018 തീയതിയിലെ വി.3-5078/2017 നമ്പർ കത്ത്.

**ഉത്തരവ്**

ഗുരുവായൂർ നഗരസഭയിൽ ടൗൺ പ്ലാനർ (വിജിലൻസ്) നടത്തിയ ആകസ്മിക പരിശോധനയിൽ ബി.എ 157/08-09 തീയതി 25.03.2014, ബി.എ-159/08-09 തീയതി 25.03.2014 എന്നിവ പ്രകാരം നിർമ്മാണാനുമതി നൽകിയതായി കണ്ടെത്തി പരാമർശം ഒന്ന് പ്രകാരം സർക്കാരിൽ റിപ്പോർട്ട് ചെയ്യുകയുണ്ടായി. കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിയമം 99-ലെ റൂൾ 50(2) പ്രകാരമുള്ള റിക്രിയേഷൻ സ്ഥലം രേഖപ്പെടുത്താത്ത പ്ലാനുകൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. അംഗീകൃത മാസ്റ്റർ പ്ലാൻ ഗുരുവായൂർ പ്രകാരം ഈ സ്ഥലം പാടശേഖരമേഖലയിൽ ഉൾപ്പെടുന്നതിനാൽ മേഖലാ നിയമന്ത്രണത്തിന് വിരുദ്ധമാണ്. കൂടാതെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടം 2008 ഉം മുനിസിപ്പാലിറ്റി കെട്ടിട നിയമം 99-ലെ റൂൾ 50(2) ഉം ലംഘിച്ചിരിക്കുകയുമാണ്. ടി ക്രമക്കേടിന് ഉത്തരവാദിയായ ഗുരുവായൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.രഘുരാമനെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും പരാമർശം രണ്ട് പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയുമുണ്ടായി.

2. ബി.എ 159/08-09 ഫയൽ പ്രകാരം ശ്രീ അബു & ചാരുഭായിയുടെ പേരിൽ സർവ്വെ നമ്പർ 133/16-ൽപ്പെട്ട സ്ഥലത്ത് BF+GF+7+ Tower Floor റസിഡൻഷ്യൽ അപ്പാർട്ടുമെന്റിനാണ് ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. ടി കക്ഷികൾ 2009 ൽ കെട്ടിട നിർമ്മാണത്തിനായി സമർപ്പിച്ച അപേക്ഷ ടി സർവ്വെ നമ്പർ ഉൾപ്പെട്ട സ്ഥലം 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്നതാകയാൽ സെക്രട്ടറി 25.11.2012-ന് നിരസിച്ച് ഉത്തരവാകുകയും ടി ഉത്തരവിനെതിരെ ഉടമകൾ ബഹു. ഹൈക്കോടതിയിൽ ഡബ്ല്യു.പി (സി) നം. 20714/2012 നമ്പർ കേസ് ഫയൽ ചെയ്യുകയും ടി കേസ് 26.03.2013-ലെ വിധി പ്രകാരം തീർപ്പാക്കിയിട്ടുള്ളതുമാണ്. കേസിലെ രണ്ടാം കക്ഷിയായ നഗരസഭാ സെക്രട്ടറിയോട് ഹർജിക്കാരുടെ സ്ഥലം പാഡി ഫീൽഡാണോ എന്ന് പരിശോധിച്ച് വിധിപ്പകർപ്പ് ലഭിച്ച് ഒരു മാസത്തിനകം പെർമിറ്റിനുള്ള അപേക്ഷയിൽ ഉചിതമായ തീരുമാനം എടുക്കുന്നതിനാണ് ബഹു.കോടതി നിർദ്ദേശിച്ചതെങ്കിലും ബിൽഡിംഗ് ഇൻസ്പെക്ടർ ശ്രീ ജയാനന്ദൻ സ്ഥലപരിശോധന നടത്തി കെ.എം.ബി.ആർ ന് വിധേയമാണെന്ന് ഫയലിൽ രേഖപ്പെടുത്തി അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ബിനോയ് ബോസിന്റെ നിർമ്മാണാനുമതി അനുവദിക്കാവുന്നതാണെന്ന 21.03.2014-ലെ ശുപാർശ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ച് സെക്രട്ടറിക്ക് സമർപ്പിച്ചതിനെ തുടർന്ന് ടി പ്ലാനിന് 25.03.2014-ന് നഗരസഭാ സെക്രട്ടറി പെർമിറ്റ് അനുവദിക്കുകയാണ് ഉണ്ടായത്.

3. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ന്റെ റിപ്പോർട്ടിൽ ബഹു.ഹൈക്കോടതി ഉത്തരവ് പ്രകാരം സ്ഥലം നേരിൽ സന്ദർശിച്ച് പാഡി ഫീൽഡ് ആണോ എന്ന് പരിശോധിച്ച് പെർമിറ്റ് നൽകുന്ന കാര്യത്തിൽ തീരുമാനമെടുക്കാനാണ് നിർദ്ദേശമെങ്കിലും സൈറ്റ് ഇൻസ്പെക്ട് ചെയ്യാതെയാണ് പെർമിറ്റ് അനുവദിച്ചതെന്ന് പരാമർശിക്കുകയുണ്ടായി. ഫയൽ പരിശോധിച്ചതിൽ സെക്രട്ടറി സ്ഥലം സന്ദർശിച്ചതായി പരാമർശങ്ങളൊന്നും തന്നെ രേഖപ്പെടുത്തിയതായി കാണുന്നില്ലെന്നും ആയതിനാൽ വിജിലൻസ് പരാമർശം വസ്തുതാപരമാണെന്ന് കാണുന്നതായും മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. എന്നാൽ വിജിലൻസ് റിപ്പോർട്ട് ലഭിച്ച ഉടൻതന്നെ ടി പെർമിറ്റ് റദ്ദാക്കിക്കൊണ്ട് സെക്രട്ടറി ഉത്തരവായിട്ടുള്ളതും സ്ഥല പരിശോധനയിൽ നിർമ്മാണ പ്രവർത്തികളൊന്നും തന്നെ നടത്തിയിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണെന്നും കൂടാതെ തെറ്റായ വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തി ബിൽഡിംഗ് പെർമിറ്റ് നൽകുവാൻ ശുപാർശ ചെയ്ത ബിൽഡിംഗ് ഇൻസ്പെക്ടർ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്ക് മെമ്മോ നൽകിയിട്ടുണ്ടെന്നും തെറ്റായി പ്ലാൻ സമർപ്പിച്ച ബിൽഡിംഗ് ലൈസൻസിക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിന്

വിവരം മേഖലാ ജോയിന്റ് ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും ഈ വസ്തുതകൾ കണക്കിലെടുത്ത് മെമ്മോയിലുള്ള തുടർനടപടികൾ അവസാനിപ്പിക്കണമെന്നും പരാമർശം മൂന്ന് പ്രകാരം സമർപ്പിച്ച മറുപടിയിൽ ശ്രീ.രഘുരാമൻ അപേക്ഷിച്ചിട്ടുണ്ട്.

5. ബഹു.ഹൈക്കോടതി ഉത്തരവിലെ നിർദ്ദേശം പാലിക്കാതെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രം നിർമ്മാണാനുമതി നൽകിയതിൽ സെക്രട്ടറിയുടെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടുള്ളതായി കാണുന്നു. സാങ്കേതിക വിഭാഗം ജീവനക്കാരുടെ റിപ്പോർട്ട് ഉത്തമ വിശ്വാസത്തിലെടുത്താണ് പെർമിറ്റ് നൽകിയതെന്നുള്ള ശ്രീ രഘുരാമന്റെ മറുപടി പൂർണ്ണമായി അംഗീകരിക്കത്തക്കതല്ല. ബഹു.കോടതി ഉത്തരവ് പ്രകാരം സൈറ്റ് ഇൻസ്പെക്ട് ചെയ്ത് സ്ഥലം പാഡി ഫീൽഡാണോ എന്ന് പരിശോധിച്ച് പെർമിറ്റ് നൽകുന്ന കാര്യത്തിൽ തീരുമാനം എടുക്കാനാണ് നിർദ്ദേശിച്ചതെങ്കിലും സൈറ്റ് ഇൻസ്പെക്ട് ചെയ്യാതെയാണ് പെർമിറ്റ് അനുവദിച്ചത്. ആയതിനാലാണ് അനുവദിച്ച ബിൽഡിംഗ് പെർമിറ്റ് പിന്നീട് റദ്ദാക്കേണ്ട് വന്നത്. ടി നടപടി അംഗീകരിക്കത്തക്കതല്ല.

6. ഈ സാഹചര്യത്തിൽ, ഗുരുവായൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ രഘുരാമനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി, KCS(CC&A) Rules 1960 Rule 11(1)(iii) പ്രകാരം ടിയാന്റെ ഒരു വർഷിക വേതന വർദ്ധനവ് ഒരു വർഷത്തേക്ക് സഞ്ചിതഫല പ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ജെയ്സി പോൾ**

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

രജിസ്ട്രാർ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.

ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തിരുവനന്തപുരം.

ചെയർമാൻ/ ചെയർപേഴ്സൺ, കളമശ്ശേരി നഗരസഭ.

ശ്രീ. രഘുരാമൻ, സെക്രട്ടറി, പാലക്കാട് നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

കരുതൽ ഫയൽ .

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.